# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83 — 28/09/2016-ലെ മറുപടിയ്ക്ക്.

**പട്ടികജാതി പെൺകുട്ടികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ; | (എ) | പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി വകുപ്പ് മുഖേന നിലവിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. |
| (ബി) | 'വാത്സല്യനിധി' എന്ന പേരിൽ പട്ടികജാതി പെൺകുട്ടികൾക്കായി നടപ്പാക്കിയ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന വാൽസല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് .ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളാണ് ഗുണഭോക്താക്കൾ. 4 ഘട്ടങ്ങളായി 1,38,000/- രൂപ ഒരു പെൺകുട്ടിയുടെ പേരിൽ എൽ. ഐ. സിയിൽ നിക്ഷേപിക്കും. ജനിച്ച് 6 മാസം പ്രായത്തിനുള്ളിൽ ജനനം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആദ്യ ഗഡുവായ 30,000/- രൂപ അടയ്ക്കും . സ്കൂൾ പ്രവേശനം നേടിയ ശേഷം രണ്ടാം ഗഡുവായ 33,000/- രൂപ അടയ്ക്കും. അഞ്ചാം ക്ലാസ് പാസാ യാൽ മൂന്നാം ഗഡുവാ യി 36,000/-രൂപയും 10-ാം ക്ലാസ് പാസ്സായാൽ നാലാം ഗഡുവായ 39,000/- രൂപയും അടയ്ക്കും. ഓരോ ഘട്ടത്തിലും അതുവരെ നടത്തേണ്ട ഇമ്മ്യൂണൈസേഷൻ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. 18 വയസ് പൂർത്തിയാകുമ്പോൾ ഉപരിപഠനത്തിനോ മറ്റ് വികസന ആവശ്യങ്ങൾക്കോ വേണ്ടി 3,00,000/- രൂപ ഓരോ കുട്ടിയ്ക്കും എൽ.ഐ.സി നൽകും . കൂടാതെ കുട്ടിക്ക് മാരക രോ ഗം പിടിപെടുന്ന പക്ഷം പൂർണ്ണ ചികിത്സാ ചെലവും പദ്ധതിയുടെ ഭാഗമായി ലഭിക്കും . കുട്ടിയുടെ സഹോദരങ്ങൾക്ക് സ്കോളർഷിപ്പും ഇതിന്റെ ഭാഗമായി ലഭിക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. നടപ്പ് വർഷം തുക അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ